**കേരള കാർഷിക സർവകലാശാല**
**പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം**
**അമ്പലവയൽ, വയനാട്**
മൊബൈൽ: 9188224421, ഫോൺ: 04936 260421/260561
ഇമെയിൽ: rarsamb@kau.in/ adramb@kau.in

നമ്പർ ഇ.6528/2025 തീയതി.01.11.2025

## ക്വട്ടേഷൻ നോട്ടീസ്

കേരള കാർഷിക സർവ്വകലാശാലയുടെ ആഭിമുഖ്യത്തിൽ അമ്പലവയൽ പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ വെച്ച് 2026 ജനുവരി 1 മുതൽ 15 വരെ നടത്തുന്ന അന്താരഷ്ട്ര പുഷ്പഫല പ്രദർശനമേള **'പൂപ്പൊലി 2026'** ന്റെ ഭാഗമായി ക്ലീനിംഗ് ജോലികൾ ചെയ്യുന്നതിന് താല്പ്പര്യമുള്ള സ്വയം സഹായ സംഘങ്ങൾ/ മറ്റ് ഇതര കൂട്ടായ്മകളിൽ നിന്നും മുദ്രവെച്ച ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ക്വട്ടേഷൻ നമ്പർ | ഇ. 6528/2025 |
| ക്വട്ടേഷനുകൾ ലഭിക്കേണ്ട അവസാന തീയതിയും, സമയവും | **05.11.2025, 11.00 am** |
| ക്വട്ടേഷൻ തുറക്കുന്ന തീയതിയും സമയവും | **05.11.2025, 11.30 am** |
| ക്വട്ടേഷൻ സ്വീകരിക്കുന്ന ഉദ്യോഗസ്ഥന്റെ പേരും മേൽവിലാസവും | അസ്സോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്<br>പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം,<br>അമ്പലവയൽ, പിൻ-673593 |
| **പുറത്തെഴുത്ത് : പൂപ്പൊലി 2026 – ക്ലീനിംഗ് ജോലികൾ ചെയ്ത് തരുന്നതിനുള്ള ക്വട്ടേഷൻ** | |

**നിബന്ധനകൾ**

- 2026 ജനുവരി 1 മുതൽ 15 വരെയും പിന്നീടുള്ള **മൂന്ന് മുതൽ അഞ്ച്** ദിവസത്തേയ്ക്കാണ് ക്ലീനിംഗ് ജോലി ചെയ്യേണ്ടത്.
- ജൈവ അജൈവ മാലിന്യങ്ങൾ എന്നിവ വേർതിരിച്ച് നിർദ്ദിഷ്ട സ്ഥലങ്ങളിൽ എത്തിക്കേണ്ടതാണ്.
- മാലിന്യങ്ങൾ യഥാസമയം നീക്കി വേർതിരിച്ച് മാലിന്യമുക്തമായി സൂക്ഷിക്കേണ്ടതാണ്.
- ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നിർദ്ദേശിക്കുന്നത് പ്രകാരമുള്ള ക്ലീനിംഗ് ജോലികൾ സമയബന്ധിതമായി പൂർത്തിയാക്കേണ്ടതാണ്.
- ദിവസവും രാവിലെ 5.30 മുതൽ 9.30 മണി വരെയും, 10.00 മണിമുതൽ 2.00 മണി വരെയും വൈകിട്ട് 2.00 മുതൽ 6.00 വരെയും ആണ് ക്ലീനിങ്ങ് സമയം. ഷിഫ്റ്റ് അടിസ്ഥാനത്തിലായിരിക്കും ജോലി ഉണ്ടാവുക.
- ഇതുകൂടാതെ ആവശ്യമായ സമയങ്ങളിൽ നിർദ്ദേശാനുസരണം ക്ലീനിംഗ് ജോലികൾ ചെയ്യേണ്ടതാണ്.
- പൂപ്പൊലി നഗരിയും, പരിസരവും എല്ലായ്പ്പോഴും മാലിന്യമുക്തമായി സൂക്ഷിക്കേണ്ടതാണ്.

**ജോലികളുടെ വിവരങ്ങൾ**

1. പൂപ്പൊലി ഗ്രൌണ്ടും ചുറ്റുമുള്ള റോഡുകളും (അതായത് അമ്പലവയൽ മുതൽ നീർച്ചാൽ വരെയുള്ളതും ടൗൺ മുതൽ റസ്റ്റ് ഹൗസ് വരെയുമുള്ള റോഡുകൾ) വൃത്തിയാക്കി സൂക്ഷിക്കുക.
2. ജൈവ- അജൈവ മാലിന്യങ്ങൾ ദിവസവും ശേഖരിച്ച് നിർദ്ദേശിച്ചിരിക്കുന്ന സ്ഥൽത്ത് കൃത്യമായി സംസ്കരിക്കണം.
3. അജൈവ മാലിന്യങ്ങൾ പൂപ്പൊലി ഗ്രൗണ്ടിൽ നിന്നും ചുറ്റുമുള്ള റോഡുകളിൽ നിന്നും ഓടകളിൽ നിന്നും അന്നന്നുള്ളത് ശേഖരിച്ച് തരം തിരിച്ച് നിർദ്ദേശിക്കുന്ന സ്ഥലത്ത് സൂക്ഷിക്കേണ്ടതാണ്.

**മറ്റ് നിബന്ധനകൾ**

1. ക്വട്ടേഷൻ അടങ്ങുന്ന സീൽ ചെയ്ത കവറിനു പുറത്ത് **'പൂപ്പൊലി 2026 - ക്ലീനിംഗ് ജോലികൾ ചെയ്ത് തരുന്നതിനുള്ള ക്വട്ടേഷൻ'** എന്ന് രേഖപ്പെടുത്തിയിരിക്കണം
2. 10 മുതൽ 20 പേർ അടങ്ങുന്ന ഒരു സംഘത്തിന് ക്വട്ടേഷനിൽ പങ്കെടുക്കാവുന്നതാണ്. ഇവരെ ആവശ്യാനുസരണം ഷിഫ്റ്റ് അടിസ്ഥാനത്തിൽ വിളിക്കുന്നതായിരിക്കും.
3. മേൽപ്പറഞ്ഞ ജോലികൾ നിർവ്വഹിക്കുന്നതിന് ഒരു തൊഴിലാളിയ്ക്ക് ഒരു ദിവസത്തേയ്ക്കുള്ള വേതനം ആണ് ക്വട്ടേഷനിൽ രേഖപ്പെടുത്തേണ്ടത്.
4. സ്ത്രീകളും, പുരുഷന്മാരും അടങ്ങുന്ന സംഘത്തിന് ക്വട്ടേഷനിൽ പങ്കെടുക്കാവുന്നതാണ്.
5. ക്ലീനിംഗ് ജോലികൾക്കുള്ള സാമഗ്രികൾ വിജയിയായ ക്വട്ടേഷൻകാരൻ ഏർപ്പാടാക്കേണ്ടതാണ്.
6. ക്വട്ടേഷനോടൊപ്പം നിരതദ്രവ്യം **' അസ്സോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച് , പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, അമ്പലവയൽ'** എന്ന പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ കൊളഗപ്പാറ ശാഖയിൽ മാറാവുന്ന ഡിമാൻഡ് ഡ്രാഫ്റ്റ് ആയോ ഓഫീസിൽ നേരിട്ട് അടച്ചോ ക്വട്ടേഷനിൽ പങ്കുകൊള്ളേണ്ടതാണ്.
7. നിർദ്ദിഷ്ട സമയത്തിനുശേഷം ലഭിക്കുന്നതും അപൂർണവുമായ ക്വട്ടേഷൻ സ്വീകരിക്കുന്നതല്ല.
8. ക്വട്ടേഷൻ മേൽസൂചിപ്പിച്ച വിലാസത്തിൽ നിശ്ചിത തീയതിയ്ക്കും, സമയത്തിനും മുൻപായി അയക്കേണ്ടതോ, നേരിട്ട് ഓഫീസിൽ എത്തിക്കേണ്ടതോ ആണ്.
9. ക്വട്ടേഷൻ സമർപ്പിക്കുന്ന വ്യക്തിയുടെ/സ്ഥാപനത്തിന്റെ തിരിച്ചറിയൽ രേഖയുടെ പകർപ്പ് ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതാണ്.
10. നിശ്ചിത തീയതി/ സമയത്തിനു മുൻപായി കിട്ടിയ ക്വട്ടേഷനുകൾ അന്നേദിവസം 3.30 മണിക്ക് തന്നെ ഹാജരുള്ള ക്വട്ടേഷൻകാരുടെ സാന്നിധ്യത്തിൽ തുറക്കുന്നതും ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ക്വട്ടേഷൻ സ്വീകാര്യമാണെന്ന് തോന്നിയാൽ അംഗീകരിക്കുന്നതുമായിരിക്കും. ആവശ്യമെങ്കിൽ സന്നിഹിതരായവരുടെ സാന്നിധ്യത്തിൽ ലേലവും നടത്തുന്നതാണ്.
11. നിരതദ്രവ്യം സമർപ്പിക്കാത്ത ക്വട്ടേഷനുകൾ സ്വീകരിക്കുന്നതല്ല.
12. ക്വട്ടേഷൻ കാലാവധി 2026 ജനുവരി 1 മുതൽ 15 വരെയും പിന്നീടുള്ള മൂന്ന് മുതൽ അഞ്ച് ദിവസത്തേയ്ക്ക് ആയിരിക്കും.
13. ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ നിർദ്ദേശങ്ങൾ അനുസരിച്ച് ജോലികൾ ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം നിരതദ്രവ്യം സർവ്വകലാശാലയ്ക്ക് മുതൽക്കൂട്ടാവുന്നതും തക്കതായ നടപടികൾ സ്വീകരിക്കുന്നതുമാണ്.

14. ക്വട്ടേഷൻ സ്വീകരിക്കുന്നതിനോ, മാറ്റി വെയ്ക്കുന്നതിനോ കാരണം കാണിക്കാതെ നിരസിക്കുന്നതിനോ ഉള്ള പൂർണ്ണ അധികാരം കേന്ദ്രം മേധാവിയിൽ നിക്ഷിപ്തമാണ്.
15. നിലവിലുള്ള സർക്കാർ വ്യവസ്ഥകൾക്ക് അനുസരിച്ച് ആവശ്യമെങ്കിൽ ആദായനികുതി പിടിക്കുന്നതായിരിക്കും.
16. ക്വട്ടേഷൻ ദിവസം ഏതെങ്കിലും കാരണവശാൽ അവധി ദിവസമാവുകയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം, അതേ സമയം ക്വട്ടേഷൻ സ്വീകരിക്കുന്നതും തുറന്നു പരിശോധിക്കുന്നതും ആണ്.
17. സർക്കാർ ക്വട്ടേഷനുകൾക്ക് ബാധകമായ എല്ലാ നിയമങ്ങളും ചട്ടങ്ങളും ഈ ക്വട്ടേഷനും ബാധകമായിരിക്കും.
18. കൂടുതൽ വിവരങ്ങൾക്ക് പ്രവർത്തി സമയത്ത് ഈ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്
(ഫോൺ: 04936 260421/260561, മൊബൈൽ: 9188224421)

//അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ചിന്റെ ഉത്തരവിൻ പ്രകാരം//

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

പകർപ്പ്: കെ.എ.യു വെബ് സൈറ്റ്
നോട്ടീസ് ബോർഡ് (ആർ.എ.ആർ.എസ്, ഫാം ഓഫീസ്, കെ.വി.കെ)
ഫാം സൂപ്രണ്ട്/ ഫാം ഇൻ ചാർജ്/ അമ്പലവയൽ വില്ലേജ് ഓഫീസ്/ അമ്പലവയൽ പഞ്ചായത്ത് ഓഫീസ് / അമ്പലവയൽ കൃഷി ഭവൻ/ ഡോ. ഷമീം പി, അസി. പ്രൊഫസർ